HLM-0135

The Heavenly Light Ministry

യേശു മണവാളൻ നമ്മെ ചേർക്കുവാൻ
മദ്ധ്യവാനിൽ വെളിപ്പെടുവാൻ
കാലം ആസന്നമായ് പ്രിയരെ
ഒരുങ്ങാം വിശുദ്ധിയോടെ (2)

ചേരും നാം വേഗത്തിൽ ഇമ്പവീടതിൽ
കാണും ഞാൻ അന്നാളിൽ പ്രിയൻ പൊന്മുഖം (2)

യുദ്ധങ്ങളും ക്ഷാമവും ഭൂകമ്പവും
അടിക്കടി ഉയർന്നിടുമ്പോൾ
കാന്തൻ യേശു വരാൻ കാലമായ്
രൂപാന്തരം പ്രാപിക്കും (2) ചേരും

രോഗദുഃഖങ്ങളും മരണമതും
തെല്ലും നീ ഭയപ്പെടാതെ
ദേഹം മണ്ണോടു ചേർന്നെന്നാലും
രൂപാന്തരം പ്രാപിക്കും (2) ചേരും

ത്ധടുത്ധടെ ഉയിർക്കും വിശുദ്ധരെല്ലാം
കാഹളനാദം കേൾക്കുമ്പോൾ
പാരിൽ പാർത്തിടും നാം അന്നാളിൽ
രൂപാന്തരം പ്രാപിക്കും (2) ചേരും